കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വളയം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.11/2196/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.04.01.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വളയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്ത് -2015-16 - ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.11/2196/2016 തീയ്യതി:04.01.2017

# കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.12.2015മുതൽ 17.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിനും മറുപടി നല്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സതീഷ് കുമാർ കെ കെ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 29.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജയകുമാർ പാലോളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഷൈജു. സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ടി പി കുമാരൻ | 01.04.2015മുതൽ 30.10.2015വരെ |
| | എക്സിക്യൂട്ടീവ് കമ്മറ്റി | 31.10.2015മുതൽ 11.11.2015വരെ |
| | ശ്രീമതി എം സുമതി | 12.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ അശോകൻ കെ കെ | 01.04.2015മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ സുകുമാരൻ ടി | 01.04.2015മുതൽ31.03.2016വരെ |
| വി ഇ ഒ | ശ്രീ വിജയൻ കെ കെ | 01.04.2015മുതൽ31.03.2016വരെ |
| വി ഇ ഒ | ശ്രീ ജോണി ആർ | 01.04.2015മുതൽ31.03.2016വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി അനിത കെ എം | 01.04.2015മുതൽ30.06.2015വരെ |
| | ശ്രീമതി പ്രീത എൻ | 01.07.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീ മുജീബ് സി | 01.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.രമ്യ പി രവീന്ദ്രൻ | 01.04.2015മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ വി പി ശ്രീധരൻ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അജിത്ത് കുമാർ വി ജി | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി) | ഡോ.ജിതേഷ് കുമാർ | 01.04.2015മുതൽ12.11.2015വരെ |
| | ഡോ.ശശീന്ദ്രൻ പി കെ | 12.11.2015മുതൽ31.03.2016വരെ |
| അസി എഞ്ചിനീയർ | രവി കെ | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാടക- ബൈലോ പാലിക്കുന്നില്ല | 2-1 |
| 12 | തൊഴിൽ നികുതി- അപാകതകൾ | 2-2 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 2-3 |
| | ഭാഗം 3 | |
| 14 | പദ്ധതി നിർവഹണത്തിൽ വീഴ്ച | 3-1 |
| 15 | ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്തില്ല. | 3-2 |

| | | |
|---|---|---|
| | | |
| 16 | ചുഴലി-കുട്ടായിച്ചാൽ നടപ്പാലം-ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി | 3-3 |
| 17 | ത്ധാൻസി ഹോം നിർമാണം- കെട്ടിടത്തിന്റെ ചെലവ് ക്രമാതീതമായി | 3-4 |
| 18 | ചുഴലി ജംഗ്ഷൻ -വടക്കയിൽ റോഡ് സോളിംഗ് -അപാകതകൾ | 3-5 |
| 19 | ചുഴലി-കുട്ടായിച്ചാൽ റോഡ് സോളിംഗ്- അപാകതകൾ | 3-6 |
| 20 | പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലന കേന്ദ്രം -കെട്ടിടം ഉപയോഗിക്കുന്നില്ല- അപാകതകൾ | 3-7 |
| 21 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം- ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചില്ല. | 3-8 |
| 22 | പുതിയ റോഡിന്റെ നിർമാണം - സൈഡ് ഫോർമേഷന് തുക നൽകി | 3-9 |
| 23 | മൺ റോഡുകൾക്ക് ഫോർമേഷന് തുക നൽകി | 3-10 |
| 24 | സൊസൈറ്റികളിൽ നിന്നും വരുമാന നികുതി ഈടാക്കിയതിൽ കുറവു വന്നു | 3-11 |
| 25 | സെന്ററിംഗ് & ഷട്ടറിംഗ് (ഫോം വർക്ക്) - പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3-12 |
| 26 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-13 |
| 27 | ടാർ വില ഈടാക്കിയതിൽ കുറവ്- മറ്റ് അപാകതകൾ | 3-14 |
| 28 | പുതുക്കയം- നിരവ് കുടിവെള്ള പദ്ധതി- കമ്മീഷൻ ചെയ്തോയെന്ന് വ്യക്തമാക്കേണ്ടതാണ്. | 3-15 |
| 29 | റോഡ് പ്രവർത്തികൾക്ക് ഭാഗിക പ്രൊജക്ട് | 3-16 |
| 30 | പ്രൊജക്ടുകൾക്ക് തുക വിനിയോഗിച്ചത്- ഫലപ്രാപ്തി കൈവരിച്ചില്ല. | 3-17 |

| | | |
|---|---|---|
| 31 | ഭവന പരിഷ്കരണ പ്രൊജക്ടിൽ ഗുണഭോക്തൃലിസ്റ്റിൽ കൂടുതൽ മാർക്ക് ഉള്ളവർ ഉണ്ടായിട്ടും കുറഞ്ഞ മാർക്ക് ലഭിച്ചവർക്ക് ധനസഹായം നൽകി | 3-18 |
| 32 | ഇ എംഎസ് ഭവന നിർമാണ പദ്ധതി പ്രകാരം ഭവന നിർമാണത്തിന് ധനസഹായം നൽകിയവർ നാളിതുവരെയും ഭവനനിർമാണം പൂർത്തിയാക്കിയില്ല. | 3-19 |
| 33 | കുടിവെള്ള കിണർ നിർമാണത്തിന് ധനസഹായം- റഫ് കോസ്റ്റ്, യൂനിറ്റ് കോസ്റ്റ്, എ ഇ യുടെ വാല്വേഷൻ എന്നിവയില്ല | 3-20 |
| 34 | ജീവനക്കാർ യാത്രാ ഡയറി സമർപ്പിക്കുന്നില്ല | 3-21 |
| | ഭാഗം 4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 29.02.2016 തിയതിയിലെ 02/2016 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.06.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14437146

വരവ് - 24663609

ആകെ - 39100755

ചെലവ് - 31867523

നീക്കിയിരിപ്പ് – 7233232

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1953871 | 3359073 250000 | 10665627 | 10665627 | 0 | 5102683 |
| വികസനഫണ്ട് എസ്.സി.പി. | 507097 | 703081 | 1210178 | 703081 | 246016 | -507097 |
| വികസനഫണ്ട് ടി.എസ്.പി. | 151891 | 238398 | 390289 | 238398 | 473493 | -151891 |
| സംരക്ഷണഗ്രാന്റ് റോഡ് | 478919 | 4442000 | 4920919 | 3153139 | 1767780 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 964435 | 2320000 | 3284435 | 1659742 | 1624693 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 670805 | 4387942 | 5258747 | 3194031 | 644365 | -2064716 |
| പെർഫോമൻസ് ഗ്രാന്റ് | 2378979 | 2366683 | 4745662 | 2366683 | 12296 | -2378979 |
| എം.എൻ.ആർ.ഇ.ജി.എസ്. | 18100 | 10580282 | 10598382 | 10596221 | 2161 | |
| ബി ഫണ്ട് | 0 | 21271220 | 21271220 | 21271220 | 0 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 32350856 | 93 | 22944810 | 10 | 25 | 72.66 |
| | | | | | | |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു

| മേഖല | ജനറൽ പ്രൊജക്ടുകൾ | | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 10 | 9 | 2 | 1 | 1 | 0 | 13 | |
| സേവനം | 41 | 31 | 5 | 4 | 6 | 3 | 52 | |
| പശ്ചാത്തലം | 62 | 44 | 1 | 1 | 0 | 0 | 63 | |
| ആകെ | 113 | 84 | 8 | 6 | 7 | 3 | 128 | 93 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3136035 | 1657336 | 1478699 | - |
| നികുതിയേതര വരവുകൾ | 724220 | 761098 | 36878 | + |
| മറ്റുവരവുകൾ | 152940 | 110549 | 42391 | - |
| ആകെ | 4013195 | 2528983 | 1484212 | -36% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 214680 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 7272060 | 809 |
| വിധവാപെൻഷൻ | 7660960 | 699 |
| വാർദ്ധക്യകാലപെൻഷൻ | 2944620 | 336 |
| വികലാംഗപെൻഷൻ | 2433700 | 209 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള് പെൻഷൻ | 235200 | 21 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2016 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 701/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 ജൂൺ | 01.12.2015 മുതൽ 31.05.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2009 നവംബർ | 2004-05 മുതൽ 2008-09 വരെ | LBA(HQ) 111/8A.1515/561, 29.12.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് വക കെട്ടിടം വാടകയക്ക് നല്കുന്നത്- ബൈലോ പാലിക്കുന്നില്ല.

വളയം ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നത് സംബന്ധിച്ച ബൈലോ (നമ്പർ 12) പ്രകാരം ലേലം ലഭിച്ചയാൾ " മുറി ഏറ്റുവാങ്ങുന്നതിന് മുമ്പ് ലേലകാലത്തേക്ക് ആകെ വരുന്ന വാടക തുകയിൽ കുറയാതെ ലേല ഉദ്യോഗസ്ഥൻ നിർദേശിക്കുന്ന സംഖ്യക്ക് സ്വന്തം പേരിലോ ജാമ്യക്കാരന്റെ പേരിലോ സോൾവൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് " കാണുന്നു.

2015-16 വർഷം 29 മുറികൾ വാടകയക്ക് നൽകിയിട്ടുണ്ട്. 29 വാടകക്കാരിൽ (ബാങ്ക് പ്രവർത്തിക്കുന്നതിനുവേണ്ടി നൽകിയ 9 മുറികൾ ഒഴികെ) 7 പേരിൽ നിന്നും സോൾവൻസിക്കു തുല്യമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിലും 13 പേരിൽ നിന്നും ആകെ വരുന്ന വാടക തുകയിൽ കുറഞ്ഞ സംഖ്യയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയത്. ബൈലോ പ്രകാരമുള്ള സോൾവൻസി സർട്ടിഫിക്കറ്റ് വാടകക്കാരിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകത പരിഹരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി സംബന്ധമായ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2015-16 കാലയളവിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് 11 കോൺട്രാക്ടർമാർക്ക് കരാർ നൽകിയതായി കാണുന്നു. എന്നാൽ ഇതിൽ ശ്രീ സുനിൽ കെ, എം ടി ബാലൻ എന്നിവരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കുവാനുള്ള കോൺട്രാക്ടർമാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | പി സി ബഷീർ | പാറച്ചാലിൽ, പുളിയാവ് |
| 2 | സുരേഷ്ബാബു | കൊയ്യാലുമ്മൽ, നരിപ്പറ്റ |
| 3 | സി പി സുകേഷ് | ചാമവാളിയപറമ്പത്ത്, കൊടിയൂറ |
| 4 | രാജൻ എൻ പി | നെല്ലിയുള്ളപറമ്പത്ത്, അഭയഗിരി |
| 5 | ഡൊമിനിക് ഡൊമിനിക് | മൂട്ടിൽ, വിലങ്ങാട് |

| | | |
|---|---|---|
| 6 | മൂസ വാഴയിൽ | വാണിമേൽ, കല്ലാച്ചി |
| 7 | എൻ ചന്ദ്രൻ | നെല്ലിക്കുന്നേൽ, പാതിരിപ്പറ്റ |
| 8 | എം കെ ബാലൻ | മൂലക്കാപ്പിൽ, കൊടിയൂറ |
| 9 | കെ പി രവീന്ദ്രൻ | കാരക്കാട്ടുപറമ്പിൽ |

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഡി & ഓ ലൈസൻസിനുവേണ്ടി 263 അപേക്ഷകൾ ലഭിക്കുകയും മുഴുവൻ പേർക്കും ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡി & ഓ ലൈസൻസ് അനുവദിക്കുമ്പോൾ തന്നെ കക്ഷികളിൽ നിന്നും തൊഴിൽനികുതിയും ഈടാക്കുകയാണ് ചെയ്തുവരുന്നത്. അപേക്ഷകൾ പരിശോധിച്ചതിൽ 31 സ്ഥാപനങ്ങൾ 1996 ലെ കേരള പഞ്ചായത്ത് രാജ് ( തൊഴിൽ നികുതി) ചട്ടങ്ങൾ 10(1) പ്രകാരം VI -ാം നമ്പർ ഫോറത്തിനുള്ള അനുബന്ധം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ചട്ടം 16 പ്രകാരം സെക്രട്ടറി 1 ാം നമ്പർ ഫോറത്തിൽ തൊഴിലാളികളുടെ വരുമാനത്തെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുകയോ തൊഴിലുടമ II ാം നമ്പർ ഫോറത്തിൽ റിട്ടേൺ സമർപ്പിക്കുകയോ ചെയ്യുന്നില്ല.

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അക്ഷയ കേന്ദ്രം, ക്ഷീരോൽപാദക സഹകരണസംഘങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകത പരിഹരിച്ച് മറുപടി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-3 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട്- സെക്ഷൻ 235 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വിവരവും നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട,

അസ്സസ്സ്മെന്റ് രജിസ്റ്റർ - പൂർണ്ണമല്ല

കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ - തയ്യാറാക്കിയിട്ടില്ല

കുടിശിക ഡിമാന്റ് രജിസ്റ്റർ - തയ്യാറാക്കിയിട്ടില്ല

മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമല്ല - മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി മൂല്യം ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല.

3) അസി എഞ്ചിനീയർ ഈടാക്കി അടവാക്കുന്ന ക്ഷേമനിധി വിഹിതം, വാറ്റ് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകത പരിഹരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 128 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 70.92% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 94.06 ലക്ഷം രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 11323664 | 10366066 | 91.54 |

| | | | | |
|---|---|---|---|---|
| 2 | പ്ലാൻ ഫണ്ട് SCP | 949097 | 703081 | 74.07 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5296169 | 3194031 | 60.3 |
| 4 | ലോകബാങ്ക് ധനസഹായം | 2378979 | 2366683 | 99.48 |
| 5 | പ്ലാൻ ഫണ്ട് TSP | 711891 | 238398 | 33.48 |
| 6 | കേന്ദ്ര ധനസഹായം | 212500 | 49266 | 23.18 |
| 7 | സംസ്ഥാന ധനസഹായം | 312500 | 0 | 0 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3284435 | 1659742 | 50.53 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 4920919 | 3153139 | 64.07 |
| 10 | തനത് ഫണ്ട് | 1310723 | 957146 | 73.02 |
| 11 | ബ്ലോക്ക് വിഹിതം | 275000 | 0 | 0 |
| 12 | ജില്ലാ പഞ്ചായത്ത് വിഹിതം | 74561 | 49561 | 6647 |
| 13 | മറ്റുള്ളവ | 1300418 | 207697 | 15.97 |
| ആകെ | | 32350856 | 22944810 | 70.92 |

പ്ലാൻ ഫണ്ടിൽ നിന്നും(ജനറൽ) 91.54% ചെലവുണ്ടായിട്ടുണ്ടെങ്കിലും ,ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഇ.എം.എസ് ലോൺ തിരിച്ചടക്കാമെന്ന സർക്കാർ നിർദ്ദേശത്തെതുടർന്ന് ,വാർഷിക തിരിച്ചടവിനു പുറമെ 22.49 ലക്ഷം രൂപ കൂടി തിരിച്ചടച്ചതുമൂലമാണ് അത്രയും ചെലവു വന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ വന്ന 31.94 ലക്ഷത്തിൽ 9.59 ലക്ഷം രൂപയും ലോൺ തിരിച്ചടവിനായി വിനിയോഗിച്ചതാണ്. ഫലത്തിൽ ഈരണ്ടു ഫണ്ടുകളിൽ നിന്നുമായി 32.08 ലക്ഷം രൂപ തൻവർഷം ലോൺ തിരിച്ചടവിന് വിനിയോഗിച്ചു. ലോണിന്റെ പലിശ സർക്കാരാണ് വഹിക്കുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക കാലാവധിക്ക് മുമ്പ് ലോൺ തിരിച്ചടവിന് വിനിയോഗിച്ചത് ശരിയായ സാമ്പത്തിക കാഴ്ചപ്പാടോടെയല്ല.

ക്രമനം 1മുതൽ 5 വരെയുള്ളവയുടെയും ക്രമനം8,9എന്നിവയുടെയുംകാര്യത്തിൽ നീക്കിയിരിപ്പുതുക 15-16 വർഷാവസാനം ലാപ്സായിരിക്കുന്നതിനാലും, നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാലും ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 73.26ലക്ഷം രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖല | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | അസി. എഞ്ചിനീയർ | പൊതുമരാമത്ത് | 66 | 45 | 16495089 | 11271557 | 68.33 | |
| 2 | അസി. എഞ്ചിനീയർ | കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പടെ) | 5 | 3 | 477051 | 140672 | 29.48 | |
| 3 | അസി. സെക്രട്ടറി | പട്ടികജാതി വികസനം, | 8 | 8 | 929519 | 351500 | 37.81 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പട്ടികവർഗ്ഗ വികസനം | | | | | | |
| 4 | കൃഷി ഓഫീസർ | കൃഷിയും അനുബന്ധ മേഖലയും | 6 | 5 | 1382218 | 688354 | 49.8 | |

ഇരു മേഖലകളിലുമായി 71 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്ടുകളുടെ 68% വും ആകെ വകയിരുത്തിയ തുകയുടെ 55% വും പൊതുമരാമത്ത്, കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത്. 2ഓവർസിയറും, ഒരു അസി.എഞ്ചിനീയറും മാത്രമുള്ള എഞ്ചിനീയറിംഗ് വിഭാഗം,വളയത്തിന് പുറമെ,വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ കൂടി ചുമതല വഹിക്കുന്നുണ്ട്(ഒരു ഓവർസിയറുടെ തസ്തിക ഓഡിറ്റ് കാലയളവിൽ ഒഴിഞ്ഞുകിടക്കുകയായിരുന്നെന്ന് ഓഡിറ്റിന് വ്യക്തമാക്കിയിട്ടുണ്ട്)പരിമിതമായ ജീവനക്കാർ മാത്രമേ ഉള്ളൂവെന്നിരിക്കെ, ഇത്രയും പ്രൊജക്ടുകൾ വിഭാവനം ചെയ്തതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതുണ്ട്.ഇതിൽ തന്നെ 48 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം നഷ്ടപ്പെട്ടതായി സൂചിപ്പിച്ച 73 ലക്ഷം രൂപയിൽ 55.6 ലക്ഷം രൂപയും, നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്നു കാണാം. നിർവ്വഹണം നടത്തിയ 48 പ്രൊജക്ടുകൾ തന്നെ എങ്ങിനെ നിർവ്വഹണം നടത്താൻ സാധിച്ചു എന്നും വ്യക്തമാക്കേണ്ടതാണ്. മേൽനോട്ടക്കുറവിനും, അതുവഴി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ടാകുമെന്ന് വ്യക്തമാണ്.

13.82 ലക്ഷം വകയിരുത്തി അതിന്റെ 49.8% മാത്രം വിനിയോഗിച്ച കൃഷിഓഫീസറും,വകയിരുത്തിയ തുകയുടെ 37.81% മാത്രം വിനിയോഗിച്ച അസി.സെക്രട്ടറിയും ഫണ്ട് നഷ്ടപ്പെട്ടതിൽ ഉത്തരവാദികളാണ്. ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് സമയബന്ധിതമായി തുക വിനിയോഗിക്കാത്തതിനും, വൻ തുക പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

കൂടാതെ, പ്രൊജക്ടുകളുടെ ബാഹുല്യം നിയന്ത്രിക്കാതിരുന്ന ഭരണസമിതിയ്ക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ടെന്ന കാര്യം പ്രസക്തമാണ്.

## 3-2 ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ രണ്ട് വി.ഇ.ഒ മാർ ചുമതല നിർവ്വഹിക്കുന്നുണ്ട്. എന്നാൽ ഇവർ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തേണ്ട ചെറുകിട വ്യവസായ മേഖലയിൽ ഓഡിറ്റ് വർഷത്തിൽ പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടില്ല. പിന്നോക്കാവസ്ഥയിലുള്ള പഞ്ചായത്തിൽ ഈ മേഖലയിൽ ഇടപെടലുകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നിരിക്കെയാണ് അപാകത. ഇവര് നിർവ്വഹണം നടത്തുന്ന ദാരിദ്ര്യനിർമ്മാർജ്ജനമേഖലയിലും പരിമിതമായ പദ്ധതിപ്രവർത്തനങ്ങൾ മാത്രമേയുള്ളൂവെന്ന കാര്യവും ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ വ്യക്തമായവിശദീകരണം നല്കേണ്ടതാണ്.

## 3-3 ചുഴലി-കുട്ടായിച്ചാൽ നടപ്പാലം-ചെയ്യാത്ത ഇനങ്ങൾക്ക് തുക നല്കി

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രൊജക്ട് നം :116/16

എസ്റ്റിമേറ്റ് തുക : 200000/-

ആകെ മൂല്യം : 198661/-

അവസാനബിൽ തുക : 128772/- രൂപ ബിൽ നം. 6/29.6.15

കരാറുകാരൻ : സുകേഷ് സി.പി.

സാങ്കേതികാനുമതി നം: 257/AEE/TBP/14-15 dtd.30.8.14

കരാർ നം : കരാർ കണ്ടില്ല

അളവു പുസ്തകം :89/14-15

ചുഴലി കുട്ടായിച്ചാലിൽ തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 198661/-രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പ്രവൃത്തിയുടെ ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, കരാറുകാരനുമായി ഒപ്പുവച്ച കരാറുടമ്പടി എന്നിവ ലഭ്യമല്ല.
2. പ്രവൃത്തി 26.11.16 ന് സ്ഥലപരിശോധന നടത്തിയതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

   എ) 89/14-15 നമ്പർ അളവുപുസ്തകപ്രകാരം ഇനം 1 ആയി 10മീറ്റർ ബണ്ട് നിർമ്മിച്ചതിന് 2299/-രൂപ /മീറ്റർ നിരക്കിൽ 22990/- രൂപ നല്കിയിട്ടുണ്ട്. പാലം സന്ദർശിച്ചതിൽ നിലവിൽ ഇടുങ്ങിയ തോടിൽ വളരെ പരിമിതമായ നീരോട്ടം മാത്രമേ കണ്ടുള്ളൂ. പ്രവൃത്തി നടന്നത് 4.2.15 മുതൽ 29.5.15 വരെയുള്ള കാലയളവിലായതിനാൽ ഇക്കാലത്ത് തോട് വരണ്ട് കിടക്കുമെന്നതിനാൽ ബണ്ട് നിർമ്മിക്കേണ്ട ആവശ്യമില്ലെന്ന് കണ്ടു. ആകയാൽ ഈയിനത്തിനും 11.2.15 ന് ബണ്ടുകൾക്കിടയിൽ നിന്നും വെള്ളം മോട്ടോർ പമ്പ് ഉപയോഗിച്ച് വറ്റിച്ചതിന് ഇനം 2 ആയി 3344/- രൂപ നല്കിയതിനും വിശദീകരണം നല്കേണ്ടതാണ്.

3. പ്രവൃത്തിയുടെ ഇനം 9 ആയി 80x2x1.5+0.4/2 അളവിലും 4x2x1.5+0.7/2 അളവിലും മണ്ണ് ഫില്ലിംഗ് നടത്തിയതിന് 155.7m3 ന്(പരിമിതപ്പെടുത്തിയത്) 2881/10m3 നിരക്കിൽ 44857/- രൂപ നല്കിയിട്ടുണ്ട്.എന്നാൽ സ്ഥലപരിശോധനയിൽ പാലത്തിന്റെ ഇരുവശങ്ങളിലും വളരെ ചുരുങ്ങിയ അളവിൽ (പരമാവധി 10m3 ) ഫില്ലിംഗ് നടത്തിയതല്ലാതെ മറ്റിടങ്ങളിലൊന്നും മണ്ണ് നിറച്ചതായി കണ്ടില്ല. ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നല്കിയത് വിശദീകരിക്കേണ്ടതാണ്.

   മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആകയാൽ ബണ്ട് നിർമ്മിച്ചതിന് ചെലവഴിച്ച 22990/-രൂപയും പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിച്ചതിന് വിനിയോഗിച്ച 3344/- രൂപയും മണ്ണ് ഫില്ലിംഗിന് വിനിയോഗിച്ച 41775/-രൂപയും(155.7M3 മണ്ണിൽ സൈറ്റിൽ ഉപയോഗിച്ച മണ്ണ് കഴിച്ചുള്ളതിനു തുക) ഉൾപ്പടെ ആകെ 68109/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 ഡ്രാൻസി ഹോം നിർമ്മാണം -കെട്ടിടത്തിന്റെ ചെലവ് ക്രമാതീതമായി

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രൊജക്ട് നം :97/16

എസ്റ്റിമേറ്റ് തുക : 350000/- മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)-100000/-
ബ്ലോക്ക് വിഹിതം-250000/-

ആകെ മൂല്യം : 347951/-

അവസാനബിൽ തുക: 97951/- രൂപ ബിൽ നം. 53/31.3.16

കരാറുകാരൻ : സുകേഷ് സി.പി

സാങ്കേതികാനുമതി നം: 390/AEE/TBP/15-16 dtd.19.12.15

കരാറുടമ്പടി നം :AE/LSGDVLM/36/15-16 dtd.22.2.16

അളവു പുസ്തകം :170/15-16

37 നമ്പർ അംഗൻവാടിയുടെ കെട്ടിടത്തിന്റെ മുകളിൽ സർക്കാർ പ്രീ പ്രൈമറി വിദ്യഭ്യാസ സ്ഥാപനത്തിന് എന്ന ആവശ്യത്തിന് 48$m^2$ വിസ്തൃതിയിൽ ഒന്നാം നില നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. സർക്കാർ പ്രീ പ്രൈമറി വിദ്യഭ്യാസ സ്ഥാപനത്തിന് എന്നതാണ് ആവശ്യകതയെന്ന് പ്രൊജക്ടിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത് ഏതു രീതിയിൽ ഉപയോഗപ്പെടുത്തുമെന്ന് പ്രൊജക്ടിൽ നിന്നും വ്യക്തമല്ല. നിലവിൽ കെട്ടിടത്തിന്റെ താഴെ നിലയിൽ അംഗൻവാടി പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. 26.11.16 ന് കെട്ടിടം നേരിൽ സന്ദർശിച്ചതിൽ, കെട്ടിടം പൂട്ടിക്കിടക്കുന്നതായും, യാതൊരാവശ്യങ്ങൾക്കും ആയത് ഉപയോഗിക്കുന്നില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.
2. 48$m^2$ വിസ്തൃതിയിൽ ഒന്നാം നില നിർമ്മിക്കുന്നതിനാണ് പ്രൊജക്ടിൽ ലക്ഷ്യം വച്ചതെങ്കിലും 12.32 $m^2$

വിസ്തൃതിയിലാണ് നിർമ്മാണം നടന്നത്. ആകെ ചെലവു വന്ന 347951/- രൂപയിൽ 63790/- രൂപ അംഗൻവാടിയുടെ മുറ്റം ഇന്റർലോക്ക് ചെയ്തതിനത്തിലുള്ളതാണ് ബാക്കി തുക പരിഗണിച്ചാൽ 2188/-രൂപ/സ്ക്വയർ ഫീറ്റ് നിരക്കിൽ കെട്ടിടത്തിന് ചെലവു വന്നിട്ടുണ്ട്.ഇത് മേൽകെട്ടിടത്തെ സംബന്ധിച്ച് വളരെ ഉയർന്നതാണെന്ന് പരിശോധനയിൽ കാണുന്നു. താഴെ പറയുന്ന കാര്യങ്ങൾ സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എ). അലൂമിനിയം ജനൽപാളികളിൽ 4mm ഗ്ലാസ്സ് ഉപയോഗിച്ച എന്ന നിലയ്ക്കാണ് തുക നല്കിയത്.എന്നാൽ വളരെ കനം കുറഞ്ഞ ഗ്ലാസ്സാണ് ഉപയോഗിച്ചതെന്ന് പരിശോധനയിൽ കണ്ടു.

ബി).തറയിൽ വിട്രിഫൈഡ് ടൈൽ പതിച്ച എന്നനിലയ്ക്ക് തുക നല്കി .എന്നാൽ സെറാമിക് ടൈലാണ് പതിച്ചതെന്ന് കണ്ടു.

സി). എറ്റവും ഗുണമേറിയ ഗ്ലെസിംഗ് വാൾ ടൈൽ ഉപയോഗിച്ച് ചുമരിൽ ടൈൽ പതിച്ച എന്ന നിലയ്ക്ക് തുക നല്കിഎന്നാൽ നേരിൽ പരിശോധിച്ചതിൽ വളരെ ഗുണം കുറഞ്ഞ ടൈലാണ് പതിച്ചതെന്ന ബോധ്യപ്പട്ടിട്ടുണ്ട്.

ഡി). സീലിംഗ് നിർമ്മാണത്തിന് 1570/$m^2$ നിരക്കിൽ 13.44$m^2$ ചെയ്തതിന് 21100/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിയാണ് ചെയ്തതെന്ന് ബോധ്യപ്പട്ടു.
മേൽക്കാര്യങ്ങളെല്ലാം ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ചെയ്തതെന്ന് ഓവർസിയർ വാദിച്ചെങ്കിലും സൈറ്റിൽ ഇത് ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല.നിർമ്മാണത്തിന് വലിയ നിരക്കിൽ ചെലവു വന്നതും, ഇനങ്ങൾ ഗുണനിലവാരം ഇല്ലാതെ ചെയ്തതും പരിശോധിക്കാൻ സാങ്കേതികജ്ഞാനമുള്ളവർ ആവശ്യമായിരിക്കയാൽ വിശദമായ അന്വേഷണത്തിന് വിടുന്നു. അപാകതതളുടെ അടിസ്ഥാനത്തിൽ ചെലവു തുക 347951/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ചുഴലി ജംഗ്ഷൻ-വടക്കയിൽ റോഡ് സോളിംഗ്-അപാകതകൾ

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം. : 59/16

എസ്റ്റിമേറ്റ് തുക : 300000/- പ്ലാൻ ഫണ്ട് (ജനറൽ)

ആകെ മൂല്യം : 294850/-

അവസാനബിൽ തുക: 294850/- രൂപ ബിൽ നം. 17/14.1.16

കരാറുകാരൻ :MK ബാലൻ

സാങ്കേതികാനുമതി നം: 240/AEE/TBP/15-16 dtd.10.9.15

കരാറുടമ്പടി നം :AE/LSGD/VLM/12/15-16 dtd.23.11.15

അളവു പുസ്തകം :92/15-16

റോഡിന്റെ തുടക്കം മുതൽ 164.5 മീറ്റർ നീളത്തിൽ സോളിംഗ് നടത്തുന്നതിനുള്ള പ്രൊജക്ടിന്റെ നിർവ്വഹണം 26.11.16 ന് നേരിൽ കണ്ടതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അളവുപുസ്തകപ്രകാരം ഇനം 6 ആയി 164.5 മീറ്റർ നീളത്തിൽ 3.2 മീറ്റർ വീതിയിൽ സോളിംഗ് (39.64$m^3$) നടത്തിയിട്ടുണ്ട്. റോഡ് പരിശോധിച്ചതിൽ റോഡിന്റെ വീതി പരമാവധി 3 മീറ്റർ മാത്രമാണെന്ന് ബോധ്യപ്പട്ടിട്ടുണ്ട്.
2. പ്രവൃത്തിയുടെ ഇനം 2 ആയി 164 മീറ്റർ നീളത്തിൽ 3.20 മീറ്റർ വീതിയിലും 15cm കനത്തിലും (ഇതിൽ 30 മീറ്ററിൽ 30cm കനത്തിൽ) ക്വാറിമക്ക് നിറച്ചതായി രേഖപ്പെടുത്തി തുക നല്കിയിട്ടുണ്ട്. 79.62m3 ന് 1224.27/$m^3$ നിരക്കിൽ 97476.38രൂപയാണ് നല്കിയത്.എന്നാൽ സൈറ്റിൽ പ്രവൃത്തി നടത്തിയതിന്റെ യാതൊരു ലക്ഷണങ്ങളും കാണാൻ കഴിഞ്ഞില്ല.കൂടാതെ 3.2 മീറ്റർ വീതിയിൽ പ്രവൃത്തി നടത്തിയതായി കാണിച്ചെങ്കിലും റോഡിന്റെ വീതി പരമാവധി 3 മീറ്റർ മാത്രമാണെന്ന് ബോധ്യപ്പട്ടിട്ടുണ്ട്.
3. പ്രവൃത്തി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിട്ടില്ല.
4. പ്രവൃത്തിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ബോർഡ് സൈറ്റിൽ സ്ഥാപിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നല്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി നലികിയിട്ടില്ല. ക്രമനം.1,2

എന്നിവയിലെ പരാമർശങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ സാങ്കേതിക ജ്ഞാനമുള്ളവർ ആവശ്യമായതിനാൽ വിശദമായ പരിശോധനയ്ക്ക് വിടുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-6 ചുഴലി കുട്ടായിച്ചാൽ റോഡ് സോളിംഗ്-അപാകതകൾ

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രൊജക്ട് നം. : 60/16

എസ്റ്റിമേറ്റ് തുക : 300000/- പ്ലാൻ ഫണ്ട് (ജനറൽ)

ആകെ മൂല്യം : 297179/-

അവസാനബിൽ തുക : 297179/- രൂപ ബിൽ നം. 35/16.3.16

കരാറുകാരൻ : N ചന്ദ്രൻ

സാങ്കേതികാനുമതി നം: 239/AEE/TBP/15-16 dtd.9.8.15

കരാറുടമ്പടി നം :AE/LSGD/VLM/11/15-16 dtd.21.11.15

അളവു പുസ്തകം :106/15-16

റോഡിന്റെ തുടക്കം മുതൽ 98 മീറ്റർ നീളവും 24 മീറ്റർ കൈത്തോട്ടു കഴിച്ചുള്ള 79 മീറ്റർ നീളവും ഉൾപ്പെടെ 177 മീറ്റർ നീളത്തിൽ സോളിംഗ് നടത്തുന്നതിനുള്ള പ്രൊജക്ടിന്റെ നിർവ്വഹണം 26.11.16 ന് നേരിൽ കണ്ടതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അളവുപുസ്തകപ്രകാരം ഇനം 6 ആയി 177 മീറ്റർ നീളത്തിൽ 3.2 മീറ്റർ വീതിയിൽ സോളിംഗ് (42.48m3) നടത്തിയിട്ടുണ്ട്. റോഡ് പരിശോധിച്ചതിൽ റോഡിന്റെ വീതി 2.6 മീറ്ററിനും 3 മീറ്ററിനും ഇടയിൽ മാത്രമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.
2. പ്രവൃത്തിയുടെ ഇനം 2 ആയി 151 മീറ്റർ നീളത്തിൽ 3.3 മീറ്റർ വീതിയിലും 15cm കനത്തിലും (അവസാന 30 മീറ്ററിൽ 10cm കനത്തിൽ) ക്വാറിമക്ക് നിറച്ചതായി രേഖപ്പെടുത്തി തുക നല്കിയിട്ടുണ്ട്.69.79m3 ന് 1224.27/m3നിരക്കിൽ 85441.80 രൂപയാണ് നല്കിയത്.എന്നാൽ സൈറ്റിൽ പ്രവൃത്തി നടത്തിയതിന്റെ യാതൊരു ലക്ഷണങ്ങളും കാണാൻ കഴിഞ്ഞില്ല.കൂടാതെ 3.3 മീറ്റർ വീതിയിൽ പ്രവൃത്തി നടത്തിയതായി കാണിച്ചെങ്കിലും റോഡിന്റെ വീതി 2.6 മീറ്ററിനും 3 മീറ്ററിനും ഇടയിൽ മാത്രമാണെന്ന കാര്യം ശ്രദ്ധേയമാണ്.
3. പ്രവൃത്തി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിട്ടില്ല.
4. പ്രവൃത്തികളുടെ വിശദാംശങ്ങൾ കാണിക്കുന്ന ബോർഡ് സൈറ്റിൽ സ്ഥാപിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. ക്രമനം.1,2 എന്നിവ പ്രകാരമുള്ള അപാകതകൾ പരിശോധിക്കാൻ സാങ്കേതികജ്ഞാനം ഉള്ളവർ ആവശ്യമുള്ളതിനാൽ വിശദമായ അന്വേഷണത്തിന് വിടുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 297179/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനകേന്ദ്രം-കെട്ടിടം ഉപയോഗിക്കുന്നില്ല-മറ്റ് അപാകതകൾ

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രൊജക്ട് നം. : 119/16

എസ്റ്റിമേറ്റ് തുക : 1070120/- വികസന ഫണ്ട്(എസ്.സി.പി.)

ആകെ മൂല്യം : 1067231/-

അവസാനബിൽ തുക : 211581/- രൂപ ബിൽ നം. 45/31.3.16

കരാറുകാരൻ : ഡൊമനിക് ഡൊമനിക്

സാങ്കേതികാനുമതി നം : 258/AEE/TBP/14-15 dtd.30.8.14

കരാറുടമ്പടി നം :AE/LSGDVNML/40/14-15 dtd.22.1.15

അളവു പുസ്തകം :84/14-15,85/14-15,96/14-15,64/15-16

പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടിന്റെ

നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. കെട്ടിടം 26.11.16 തീയതിയിൽ നേരിൽ സന്ദർശിച്ചതിൽ യാതൊരാവശ്യങ്ങൾക്കും ഉപയോഗിക്കാതെ കെട്ടിടം പൂട്ടിക്കിടക്കുന്നതായി കണ്ടു. പട്ടികജാതി വികസനഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ഉപയോഗിക്കാത്തത് ചെലവ് പാഴാവുന്നതിന് കാരണമായിട്ടുണ്ട്.
2. പ്രവൃത്തിയ്ക്ക് ഭാഗികമായ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ടോയ് ലെറ്റ് തുടങ്ങിയ പ്രവൃത്തികൾ മേൽ പ്രൊജക്ടിൽ ഉൾപ്പെട്ടിരുന്നില്ല. നിർമ്മാണം അപൂർണ്ണമായതിനാൽ കെട്ടിടം പൂർണ്ണമായും ഉപയോഗക്ഷമമല്ല. കെട്ടിടം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന തരത്തിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കാതിരുന്നത് അപാകതയാണ്.
3. പ്രവൃത്തിയുടെ ഇനം 21 ആയി ഉറച്ചപാറയിൽ ചിസലിംഗ് നടത്തിയതിന് 39.45 $m^3$ പ്രവൃത്തിയ്ക്ക് 12732/10m3 നിരക്കിൽ 50228/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ വളരെ കുറഞ്ഞ അളവിൽ മാത്രമാണ് ഇത് ചെയ്തതായി കണ്ടത്.12x1.2x.5 അളവിൽ 7.4$m^3$ പ്രവൃത്തിചെയ്തതാണ് കണ്ടത്. കൂടാതെ പ്രവൃത്തിയുടെ ഭാഗമായി ഉണ്ടാകുന്ന പാറക്കഷണങ്ങൾ സ്റ്റാക്ക് ചെയ്തതും സൈറ്റിൽ കണ്ടില്ല. കെട്ടിടം നില്ക്കുന്ന ഭാഗത്താണ് പ്രവൃത്തി നടത്തിയതെന്ന് ഓവർസിയർ വാദിച്ചെങ്കിലും അളവുപുസ്തകം പരിശോധിച്ചതിൽ 10.8.15 നാണ് മേൽ ഇനം ചെയ്തതെന്ന് കാണുന്നു. എന്നാൽ കെട്ടിടത്തിന്റെ അടിത്തറയുൾപ്പടെയുള്ള പ്രവൃത്തികൾ 24.1.15 ആരംഭിച്ച് മേൽതീയതിക്കുമുമ്പുതന്നെ പൂർത്തീകരിച്ചതായി അളവുപുസ്തകം സാക്ഷ്യപ്പെടുത്തുന്നതിനാൽ ഓവർസിയറുടെ വാദം നിലനില്ക്കുന്നതല്ല.
4. പ്രവൃത്തിയുടെ ഇനം 14 ആയി എറ്റവും ഗുണമേറിയ ഗ്ലെസിംഗ് വാൾ ടൈൽ ഉപയോഗിച്ച് ചുമരിൽ ടൈൽ പതിച്ചയിനത്തിൽ 48.1$m^2$ ചെയ്തതിന് 1438രൂപ/$m^2$ നിരക്കിൽ 69168/- രൂപ നല്കിയിട്ടുണ്ട്. കെട്ടിടം നേരിൽ പരിശോധിച്ചതിൽ വളരെ ഗുണം കുറഞ്ഞ ടൈലാണ് പതിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.ക്രമനം 3,4 എന്നിവയുടെ കാര്യത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം, അളവ് എന്നിവ പരിശോധിക്കാൻ സാങ്കേതികവിദഗ്ദന്റെ ആവശ്യമുള്ളതിനാൽ വിശദമായ അന്വേഷണത്തിന് വിടുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ 1067231/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം -ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചില്ല.

ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനവിതരണം പ്രോജക്ടിൽ മൂന്ന് പേർക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ സ്കൂട്ടർവിത്ത് സൈഡ് വീൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാഹനം ലഭിച്ച ഒണക്കൻ പിലാവുള്ളതിൽ, കുറുങ്ങോട്ട്താഴെ മൊയ്തു, കുമാരൻ ചാത്തോത്ത് എന്നിവർക്ക് വാഹനം ഓടിക്കുന്നതിനാവശ്യമായ ഇൻവാലിഡ് ലൈസൻസ് ലഭിച്ചിട്ടില്ല. 1988 ലെ മോട്ടോർ വെഹിക്കിൾ ആക്ടിലെ വകുപ്പ് 3,4 പ്രകാരം ഇൻവാലിഡ് കാര്യേജ് ഡ്രൈവിങ്ങ് ലൈസൻസില്ലാതെ വികലാംഗർ വാഹനങ്ങൾ റോഡിലിറക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പറഞ്ഞ മൂന്നുപേർക്കും ലൈസൻസ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഗുണഭോക്താക്കൾക്ക് നിയമപരമായ ലൈസൻസ് ലഭിച്ചെങ്കിൽ മാത്രമേ പ്രോജക്ട് പൂർത്തീകരിക്കപ്പെട്ടതായി കണക്കാക്കാൻ കഴിയൂ. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-9 പുതിയറോഡിന്റെ നിർമ്മാണം-സൈഡ് ഫോർമേഷന് തുക നല്കി.

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡുകളിൽ സോളിംഗിനുമേൽ മെറ്റലിംഗ് , ടാറിംഗ് പ്രവൃത്തികളാണ് നടത്തിയത്. പുതിയറോഡുകളുടെ നിർമ്മിതിയാണ് നടത്തിയതെങ്കിലും ഇരു റോഡുകളുടെ കാര്യത്തിലും റോഡിന്റെ വശങ്ങളിൽ മണ്ണിട്ട് ഫോം ചെയ്തതിന് തുക നല്കിയിട്ടുണ്ട്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം മെറ്റലിംഗ് നടത്തുന്ന റോഡുകളുടെ ഇരുവശവും ഒരു മീറ്റർ വീതിയിൽ അല്ലെങ്കിൽ ഓടവരെ ഏതാണോ കുറവ് അത്രയും ഭാഗം റോഡിന്റെ ഷോൾഡർ സെക്ഷണിംഗ് നടത്തി തയ്യാറാക്കുന്നതിനുള്ള നിരക്ക് മെറ്റലിംഗ് നടത്തുന്നതിന് കോൺട്രാക്ടർക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റ് നിരക്കിൽ ഉൾപ്പെടുന്നതാണ്.

പ്രൊജക്ടുകൾ പ്രകാരം മെറ്റലിംഗ് നടന്നിട്ടുള്ളതിനാൽ ഷോൾഡർ സെക്ഷണിംഗ് പ്രത്യേകം ചെയ്ത് തുക വിനിയോഗിച്ചത് ശരിയല്ല. രണ്ടുപ്രവൃത്തികൾക്കുമായി ഈയിനത്തിൽ വിനിയോഗിച്ച 4026/- രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല. അപാകതയ്ക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രവൃത്തികളുടെ വിശദാംശം

1. 64/16 :ചാലിൽ മുക്ക് കൊള്ളിനുതാഴെ റോഡ് ടാറിംഗ്

എസ്റ്റിമേറ്റ് തുക : 2,00,000/-

ആകെ പ്രവൃത്തി മൂല്യം :1,99,802/-

അവസാന ബിൽ തുക :1,99,802/- 44/31.3.16

സാങ്കേതികാനുമതി നം. :244/AEE/TBP/15-16 dtd.10.9.15

കരാറുകാരൻ : സുനിൽ കെ

അളവു പുസ്തകം :173/15-16

ഇനം 8ആയി 5.52m3 മണ്ണ് സൈഡ് ഫോർമേഷനായി ഫില്ലിംഗ് നടത്തിയതിന് 437.63/-രൂപ /മീറ്റർ3നിരക്കിൽ 2416രൂപ നല്കി.

2. 86/16 :ഓഞ്ഞേന്റവിട ചെക്കോറ്റ എടത്തറോൽ റോഡ് ടാറിംഗ്

എസ്റ്റിമേറ്റ് തുക :200000/-

ആകെ പ്രവൃത്തി മൂല്യം :199017/-

അവസാന ബിൽ തുക :199017/- ബിൽ നം.61/31.3.16

സാങ്കേതികാനുമതി നം :228/AEE/TBP/15-16 DTD.10.9.15

കരാറുകാരൻ : വളയം ലേബർ കോൺട്രാക്റ്റ് കോ-ഓപ് സൊസൈറ്റി.

അളവു പുസ്തകം :179/15-16

ഇനം 8 ആയി 3.68m3 മണ്ണ്, സൈഡ് ഫോർമേഷനായി ഫ്ലില്ലിംഗ് നടത്തിയതിന് 437.63/-രൂപ /m3നിരക്കിൽ 1610/- രൂപ നല്കി.

## 3-10 മൺ റോഡുകൾക്ക് ഫോർമേഷന് തുക നല്കി

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ ,നിലവിലുള്ള മൺ റോഡുകളിൽ സോളിംഗ് വരെയും,ടാറിംഗ് ഉൾപ്പടെയുള്ളതുമായ പ്രവൃത്തികൾ നടത്തിയ പ്രൊജക്ടുകളുടെ കാര്യത്തിൽ , സബ് ഗ്രേഡ് , ആവശ്യമായ ലെവലിംഗ് നടത്തി റോളർ ഉരുട്ടി തയ്യാറാക്കുന്നതിന് DSR കോഡ് 16.1(ഒബ്സേർവ്ഡ് ഡാറ്റ) പ്രകാരമുള്ള സബ് ഗ്രേഡ് ഫോർമേഷൻ പ്രവൃത്തി നടത്തി തുക നല്കിയിട്ടുണ്ട്. 112.25/$m^2$ (കരാറുകാരന്റെ ലാഭം ഉൾപ്പെടെ) നിരക്കിലാണ് തുക നല്കിയിരിക്കുന്നത്. കാലാകാലങ്ങളായി വാഹന ഗതാഗതം നടത്തി ഉറച്ച മൺറോഡിലാണ് (മിക്ക റോഡുകളിലും മുൻവർഷങ്ങളിൽ ഭാഗികമായി സോളിംഗ് വരെയും, ടാറിംഗ് ഉൾപ്പടെയുള്ളതുമായ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള മൺ റോഡാണെന്ന് പരാമർശിച്ചിട്ടുമുണ്ട്) പുതിയറോഡുകളുടെ കാര്യത്തിൽ ഉപയോഗപ്പെടുത്തണമെന്ന് DSR ൽ നിഷ്കർഷിച്ച ഇനം നല്കിയിരിക്കുന്നത്.ഇത്തരം റോഡുകളിൽ പ്രതലം ലെവൽ ചെയ്യുന്നതിന് LSGD കോഴിക്കോട് ഡിവിഷൻ തയ്യാറാക്കിയ പുതിയ കോസ്റ്റ് ഇൻഡെക്സ് ക്യാപ്സ്യൂളിൽ ക്രമ നം 1 ആയി ഉറച്ച പ്രതലത്തിലുള്ള സെക്ഷണിംഗ് നടത്തുന്നതിന് കരാറുകാരന്റെ ലാഭം ഉൾപ്പടെ 26.38/$m^2$ നിരക്കാണ് നല്കിയിരിക്കുന്നത്. നിലവിലുള്ള മൺറോഡുകളിൽ സെക്ഷണിംഗ് പ്രവൃത്തി മാത്രമാണ് നടത്തേണ്ടത് എന്നിരിക്കെ ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹിച്ചതിനാൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി 277024/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്.

